# വിശാല കൊച്ചി വികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 2205061 ഫാക്സ് 91 484 2206230 കൊച്ചി-682020

Website : (www.gcda.kerala.gov.in); E-mail : gcdaonline@gmail.com


## പത്രക്കുറിപ്പ്

ജിസിഡിഎയുടെ ഉമസ്ഥതയിലുള്ള കലൂർ കടവന്ത്ര റോഡിന്റെ കതൃക്കടവ് പാലം മുതൽ കലൂർ വരെയുള്ള 1430 മീറ്റർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയും KWA പൈപ്പ് സ്ഥാപിക്കാൻ കുഴിയെടുത്ത 1430 മീറ്റർ നീളത്തിൽ സബ് ബെയ്സ്, ബെയ്സ് എന്നിവ ചെയ്ത് പ്രതലം ഉറപ്പിച്ച ശേഷം ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനും 2016 മെയ് മാസത്തിൽ കരാർ നൽകിയതാണെങ്കിലും കാലവർഷം മൂലം നിർമ്മാണത്തിന് തടസ്സം നേരിട്ടിരുന്നു. 2.5 മീറ്റർ വീതിയിൽ ബെയ്സും, സബ് ബെയ്സും ചെയത് പ്രതലം ഉറപ്പിച്ച ശേഷം ടാറിംഗ് ചെയ്യാനായിരുന്നു പ്രവൃത്തി. റോഡിലെ തിരക്കു കാരണം രാത്രി മാത്രമേ പണി ചെയ്യാൻ കഴിയുകയുള്ളൂ. 2017 ജനുവരി 31-ന് പണി പൂർത്തീകരിച്ചു കൊള്ളാമെന്ന് കോൺട്രാക്ടർ ചെയർമാനുമായുള്ള കൂടികാഴ്ചയിൽ സമ്മതിച്ചിരുന്നതാണ്. പ്രതലത്തിന്റെ പണിയെല്ലാം പൂർത്തീകരിച്ച് ടാറിംഗ് തുടങ്ങാനായി കോൺട്രാക്ടർ എല്ലാ സജ്ജീകരണങ്ങളും ഒരുക്കിയപ്പോഴാണ് വാട്ടർ അതോറിറ്റി റോഡ് നിർമ്മാണം മന്ദഗതിയിലാക്കണമെന്നു കാണിച്ച് ജിസിഡിഎക്ക് കത്ത് നൽകിയത്. കുടിവെള്ള പൈപ്പിന്റെ ചില ഭാഗങ്ങളിൽ ലീക്കുണ്ടെന്നും ആയതിന്റെ ചെലവിലേയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടില്ലെന്നും, അനുമതി ലഭിച്ച് ടി വർക്ക് പൂർത്തീകരിച്ചതിനുശേഷം ടാറിംഗ് നടത്തിയാൽ മതിയെന്നുമാണ് അവരുടെ ആവശ്യം. നിരുത്തരവാദിത്തപരമായ സമീപനമാണ് കേരള വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ഇപ്പോൾ പൈപ്പ് സ്ഥാപിച്ച മിക്ക ഭാഗങ്ങളിലും ചോർച്ചയാണ്. കച്ചവടക്കാർക്കും, നാട്ടുകാർക്കും, വാഹനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് എത്രയും പെട്ടെന്ന് പരിഹരിക്കാൻ ജിസിഡിഎ ശ്രമിക്കുന്നുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ മേൽ നിർദ്ദേശം മൂലം ജിസിഡിഎ നിസ്സഹായ അവസ്ഥയിൽ ആയിരിക്കുകയാണെന്നും ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണമെന്നും ചെയർമാൻ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്രട്ടറി

cv